**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5101** — **20-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകുന്ന വായ്പ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലില്ല. എന്നാൽ 2004 മുതൽ 31/03/2018 വരെ തുടർച്ചയായി ഒ.റ്റി.എസ്. പദ്ധതി നടപ്പിലാക്കിയത് മൂലം ജപ്തി, ലേലം, കുടിയൊഴിപ്പിക്കൽ മുതലായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ കുറച്ചുകൂടി ആകർഷകമായ ഇളവുകൾ നൽകികൊണ്ട് ഭവന നിർമ്മാണ വകുപ്പിന്റെ മേൽനോട്ടത്തിൽ, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ വായ്പാ കുടിശ്ശിക നിവാരണ അദാലത്തുകൾ സംഘടിപ്പിക്കുകയും ടി അദാലത്ത് പ്രകാരമുള്ള ഇളവുകൾ 31. 12 .2022 വരെ ദീർഘിപ്പിച്ചിട്ടുള്ളതുമാണ് . |
| (ബി) | ലോൺ എടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത ലോൺ തിരിച്ചടവിനായി ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകുന്നുണ്ടോ ; വിശദാംശം അറിയിക്കാമോ; | (ബി) | നൽകുന്നുണ്ട്. ലോൺ എടുത്തയാൾ മരണപ്പെട്ടാൽ / മാരകരോഗം ബാധിച്ചവർ/ അംഗവൈകല്യം സംഭവിച്ചവർ തുടങ്ങിയവർക്ക് പ്രസ്തുത ലോൺ തിരിച്ചടവിനായി അനുഭാവപൂർവ്വം നിരവധി ഇളവുകൾ നല്കുന്നുണ്ട്. ഗുണഭോക്താക്കളുടെ ഗൃഹസന്ദർശനം നടത്തി ഗുണഭോക്താവിന്റെ സാമ്പത്തിക സ്ഥിതി, കുടുംബാംഗങ്ങളുടെ സാമ്പത്തിക ശേഷി, ആസ്തി, മറ്റ് വസ്തുവകകൾ/ പൂർണ്ണമായോ ഭാഗീകമായോ അടയ്ക്കാൻ കഴിവുള്ളവർ തുടങ്ങിയ നിരവധി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ ഇളവുകൾ അനുവദിച്ചു വരുന്നുണ്ട്. |
| (സി) | ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ക്ലോസ് ചെയ്ത ലോണുകൾക്ക് ഈടായി നൽകുന്ന പ്രമാണങ്ങൾ സമയബന്ധിതമായി തിരിച്ച | (സി) | ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ക്ലോസ് ചെയ്ത ലോണുകൾക്ക് ഈടായി നൽകുന്ന പ്രമാണങ്ങൾ സമയബന്ധിതമായി തിരിച്ച |

| | | | |
|---|---|---|---|
| | നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | | നൽകാറുണ്ട്. ചില കേസുകളിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് മാത്രമാണ് പ്രമാണങ്ങൾ നൽകുന്നതിൽ കാലതാമസം വരാറുള്ളത്. |
| (ഡി) | ഭവന നിർമ്മാണ ബോർഡ് മുഖേന ഏതൊക്കെ ആവശ്യങ്ങൾക്കാണ് വായ്പകൾ നൽകിവരുന്നത്; വിശദാംശം അറിയിക്കാമോ? | (ഡി) | ഭവന നിർമ്മാണ ബോർഡ് മുഖേന സർക്കാർ സബ്സിഡിയോടു കൂടിയ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് മാത്രമാണ് നിലവിൽ വായ്പ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ